# AZHIKODE CENTRAL L . P. SCHOOL

# അക്കാദമിക മാസ്റ്റർ പ്ലാൻ



# അഴീക്കോട്സെൻട്രൽ എൽ. പി. സ്കൂൾ

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേരുംവിലാസവും | : അഴീക്കോട് സെൻട്രൽ എൽ പി സ്കൂൾ<br>എൽ.പി. സ്കൂൾ<br>അഴീക്കോട് .പി. ഒ<br>കണ്ണൂർ - 9 |
| സ്കൂൾകോഡ് | : 13603 |
| വിദ്യാഭ്യാസ ഉപജില്ല | : പാപ്പിനിശ്ശേരി |
| വിദ്യാഭ്യാസജില്ല | : കണ്ണൂർ |
| ബി ആർ സി | : പാപ്പിനിശ്ശേരി |
| സി ആർ സി | : ജിഎം എൽ പി എസ്, അഴീക്കോട് |
| പ്രാദേശിക ഭരണകൂടം | : അഴീക്കോട് പഞ്ചായത്ത് |
| ബ്ലോക്ക് | : കണ്ണൂർ |
| നിയമസഭാമണ്ഡലം | : അഴീക്കോട് |
| ലോകസഭാമണ്ഡലം | : കണ്ണൂർ |
| UDIASE Code | : 32021301001 |
| സ്കൂൾകാറ്റഗറി | : ഗവൺമെന്റ്എയിഡഡ് |
| ഇ. മെയിൽ | : school13603@gmail.com |
| അധ്യയനം നടത്തുന്ന ക്ലാസുകൾ | : 1 മുതൽ 4 വരെ<br>പ്രിപ്രൈമറി |
| ഹെഡ്മിസ്ട്രസ് | : സിതാര.കെ.കെ |
| അധ്യാപകരുടെഎണ്ണം | : LPST -3<br>Arabic – 1 |
| ക്ലാസ്മുറികളുടെഎണ്ണം | : 6 |
| നിലവിലുള്ളസൗകര്യങ്ങൾ | : കമ്പ്യൂട്ടർ ലാബ്<br>സ്കൂൾ ഗ്രൗണ്ട്<br>കുട്ടികൾക്കുള്ള പാർക്ക്<br>ചെറുഉദ്യാനം |

# വിദ്യാലയചരിത്രം

1880-ൽ സ്ഥാപിതമായഏകദേശം 140 വർഷത്തിലധികം പഴക്കമുള്ളഅഴീക്കോട് ഗ്രാമത്തിന്റെ മധ്യഭാഗത്തായിസ്ഥിതിചെയ്യുന്ന പൊതുവിദ്യാലയമാണ്അഴീക്കോട് സെൻട്രൽ എൽ.പി. സ്കൂൾ. ചരിത്ര പ്രധാനമായ ശ്രീ. അക്ലിയത്ത്ശിവക്ഷേത്രത്തിന് സമീപത്തായി വൻകുളത്ത് വയൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന് ഏകദേശം 100 മീറ്റർതെക്ക് പടിഞ്ഞാറ്, അഴീക്കോട് ഗ്രാമത്തിന്റെ മധ്യഭാഗത്ത്തന്നെയാണ് ഈ വിദ്യാലയത്തിന്റെസ്ഥാനം.

അഴീക്കോട് പഞ്ചായത്തിലെ നിരക്ഷരരായ ജനങ്ങൾക്കുവേണ്ടി 1880-ൽ ഒരുഎഴുത്തു പള്ളിക്കൂടമായിട്ടാണ് ഈ വിദ്യാലയത്തിന്റെ ആരംഭം. തുടക്കത്തിൽ ഒരു വിദ്യാഭ്യാസസ്ഥാപനത്തിന്റെ ചിട്ടവട്ടങ്ങളൊന്നുമില്ലാതെ ജനങ്ങളുടെ നൻമയ്ക്കായി സ്ഥാപിച്ച ഈ എഴുത്തു പള്ളിക്കൂടംഒരുവിദ്യാഭ്യാസസ്ഥാപനം എന്ന നിലയിൽസ്ഥാപിച്ചത് അപ്പ എന്ന കേളുഎഴുത്തച്ഛനാണ്. ഈ സ്ഥാപനം പിന്നീട് 5-ാം തരംവരെയുള്ളലോവർപ്രൈമറിവിദ്യാലയമായി ഈ പ്രദേശത്തിന്റെതന്നെ അക്ഷരകേന്ദ്ര മായി മാറുകയായിരുന്നു.

അഴീക്കോട്സെൻട്രൽ എൽ പി സ്കൂൾ എന്ന വിദ്യാലയംഒരുഎഴുത്തു പള്ളിക്കൂടം എന്ന നിലയിൽ പ്രവർത്തനമാരംഭിച്ചത് 1880 ൽ ആണെങ്കിൽഅത് പ്രവർത്തിച്ചിരുന്നത്ഇപ്പോൾ ഉള്ള സ്ഥലത്തായിരുന്നില്ല. അതിന് തെക്കു ഭാഗത്തായുള്ള വാരിയംകോട്ട്എന്ന പറമ്പിലായിരുന്നു. പിന്നീട് അപ്പ എന്ന കേളുഎഴുത്തച്ഛനാണ് ഈ വിദ്യാലയംഇന്ന് നിലവിലുള്ളസ്ഥാനത്തേക്ക് മാറ്റിസ്ഥാപിച്ചത്. അതുകൊണ്ടു തന്നെയാണ് നാട്ടുകാരുടെ ഇടയിൽ ഇന്നും ഈ വിദ്യാലയം വാരിയം കോട്ട്സ്കൂൾ എന്നറിയപ്പെടുന്നതും ഇതിൻരെ സ്ഥാപകനായി ശ്രീ. അപ്പ എന്ന കേളു എഴുത്തച്ഛൻ അറിയപ്പെടുന്നതും.

*********************

# ആമുഖം

അഴീക്കോട് പഞ്ചായത്തിന്റെ സാംസ്കാരികവും വിദ്യാഭ്യാസ പരവുമായ ഉന്നമനത്തിന് അടിത്തറ പാകാൻ വളരെ പ്രധാന പങ്കുവഹിച്ച പുരാതനമായ ഒരുവിദ്യാലയമാണ് അഴീക്കോട് സെൻട്രൽ എൽ പി സ്കൂൾ. ആദ്യകാലത്ത് 188 ൽ ഒറെഴുത്തു പള്ളിക്കൂടം എന്ന നിലയിൽ ആരംഭിച്ച ഈ സ്ഥാപനം പിന്നീട് അഞ്ചാംതരം വരെയുള്ള ലോവർപ്രൈമറി വിദ്യാലയമായി വളർന്നു. പിന്നീട് എൽ പി വിദ്യാലയങ്ങൾ നാലാംതരമാക്കുന്നതിന്റെ ഭാഗമായി നാലാംതരം വരെയുള്ള പ്രാഥമിക വിദ്യാലയമായിമാറി. നിരവധി കുട്ടികൾ പഠിക്കുന്ന ഈ പ്രദേശത്തിന്റെതന്നെ പ്രാഥമികവിദ്യാലയമായി ഇതുമാറി.

പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടിൽ വന്ന മാറ്റവുംഇംഗ്ലീഷ് ഭാഷാ മാധ്യമത്തിൽ പഠിക്കാനുള്ള അമിതാഭിമുഖ്യവും ഈ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം കുറയാനിടയാക്കി. പഠനരംഗത്തും പാഠ്യേതരരംഗത്തും മികച്ച പ്രകടനം കാഴ്ച വെക്കാൻ ഈ വിദ്യാലയത്തിന് സാധിക്കുന്നുണ്ട്. എങ്കിലുംഅടിസ്ഥാന സൗകര്യവികസനവും കാലഘട്ടത്തിനനുസരിച്ച നവീനമായമാറ്റങ്ങളും ഈ വിദ്യാലയത്തിനും ഉണ്ടായേതീരൂ.അതിനായി വൈവിധ്യമാർന്ന വിദ്യാലയശാക്തീകരണ പരിപാടികളിലൂടെഒരുമികച്ച വിദ്യാലയമായി ഈ സ്ഥാപനത്തെ മാറ്റിയെടുക്കാൻ കൃത്യമായിആസൂത്രണംചെയ്തവിദ്യാഭ്യാസഗുണനിലവാരംഉയർത്തുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിക്കപ്പെടേണ്ടത് അനിവാര്യമാണ്.

*************************

## പൊതുലക്ഷ്യങ്ങൾ

- കുട്ടികൾക്ക് ഗുണമേൻമയുള്ള വിദ്യാഭ്യാസംഉറപ്പുവരുത്തുക
- അടിസ്ഥാന സൗകര്യങ്ങൾവികസിപ്പിച്ച്വിദ്യാലയാന്തരീക്ഷംആകർഷകമാക്കുക.
- ശിശുകേന്ദ്രീകൃത പഠനാന്തരീക്ഷംവിദ്യാലയത്തിൽഒരുക്കുക.
- മാതൃഭാഷയിലുംഇംഗ്ലീഷിലുംഎല്ലാകുട്ടികളിലും ഭാഷാജ്ഞാനവും ആശയ വിനിമയ ശേഷിയുംഉറപ്പുവരുത്തുക.
- ഗണിതപഠനത്തിലെഅടിസ്ഥാനശേഷികൾഎല്ലാവിദ്യാർത്ഥികളിലുംഉറപ്പുവരുത്തുകയുംഗണിതപഠനം താത്പര്യജനകമാക്കുകയുംചെയ്യുക.
- കുട്ടികളിൽശാസ്ത്രബോധം വളർത്തിയെടുക്കുക.
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകിഅവരെമുഖ്യധാരയിലെത്തിക്കുക.
- ഡിജിറ്റൽസാങ്കേതികവിദ്യസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി പഠനം എളുപ്പമാക്കുക.
- കേവലംവിഷയ പഠനത്തിൽഒതുക്കാതെസർഗ്ഗപരമായഎല്ലാകഴിവുകളും പരിപോഷിപ്പിക്കുക.
- വിദ്യാലയത്തിന്റെഅക്കാദമിക പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തംഉറപ്പുവരുത്തുക.

# വിദ്യാലയകാഴ്ചപ്പാട്

പൊതുവിദ്യാഭ്യാസ **സംരക്ഷണ യജ്ഞത്തിന്റെ** പ്രധാന ചുവടുവയ്പുകളിലൊന്നാണ് അക്കാദമികമാസ്റ്റർ **പ്ലാൻ.** **അക്കാദമിക തലത്തിൽ** വരുത്തുന്ന **മികവുക**ളാണ് വിദ്യാലയത്തിന്റെ വികസന **മുഖച്ഛായതന്നെ മാറ്റാനുള്ള** മുഖ്യമായ നീക്കം.

അക്കാദമികദൗത്യ **ബോധത്തിന്റെ കാര്യത്തിൽ ഇപ്പോൾ** നാം എവിടെയെത്തി നിൽക്കുന്നു എന്ന **ചിന്തയാണ് ആദ്യമുണ്ടാക്കേണ്ടത്.** ഇന്ന് നാം പിന്തുടരുന്ന തന്ത്രങ്ങളിൽ **എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ?** ഉണ്ടെങ്കിൽ അത് എങ്ങനെയായിരിക്കും. ഈ **ചിന്തകളിൽ നിന്നാണ്** മുൻകാലങ്ങളെ അപേക്ഷിച്ച് വിദ്യാലയത്തിന് **ഇന്നത്തെരീതിയിൽ ചെറിയരീതിയിലുള്ള** പുരോഗതിയെങ്കിലും ഉണ്ടാക്കിയെടുക്കാൻ സാധിച്ചത്. **നിന്നിടത്തുതന്നെ നിൽക്കുന്നത്** വികസന ചിന്താഗതി ഇല്ലാത്തതിനാൽ തന്നെയാണ്.

നമ്മുടെ വിദ്യാലയത്തിന് **അക്കാദമിക നിലവാരം ഉയർത്തുവാൻ** ചിലകാഴ്ചപ്പാടുകളുണ്ട്, ലക്ഷ്യങ്ങളുണ്ട്. ഈ **ലക്ഷ്യങ്ങൾ മുൻഗണനാക്രമത്തിൽ** നടപ്പിലാക്കി വരുന്നുണ്ട്. ഒരു ദീർഘകാല **വികസനം ഉണ്ടാക്കിയെടുക്കാൻ** ഇനി മുന്നിൽകാണുന്ന ലക്ഷ്യങ്ങൾകൂടി നടപ്പിൽവരു**ത്തേണ്ടതുണ്ട്.**

ഇംഗ്ലീഷ് ഭാഷയോടുള്ള **അമിതമായ ആകർഷണം** മലയാളികളായ നമ്മെ ഇംഗ്ലീഷ്മീഡിയത്തിലേക്ക് ഏറെ **ആകർഷിക്കുന്നുണ്ട്.** അതുകൊണ്ടുതന്നെ ഇംഗ്ലീഷ് മാധ്യമത്തിന് ഏറെ പ്രാധാന്യം **നൽകികൊണ്ടുതന്നെയാണ്** ഞങ്ങളും അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം **ചെയ്തിരിക്കുന്നത്.** **അതോടൊപ്പം** മാതൃഭാഷയ്ക്കും അതിന്റേതായ പ്രാധാന്യം **നൽകിയിട്ടുണ്ട്. മാതൃഭാഷ** എഴുതാനും വായിക്കാനും കുട്ടിയെ ഒരു നല്ല **എഴുത്തുകാരൻ** എന്ന **നിലയിലേക്ക്**വളർത്തിയെടുക്കാനുമുള്ള പ്രവർത്തനങ്ങൾ **ചെയ്തുവരുന്നുണ്ട്.**

അക്ഷരങ്ങൾ ഉറപ്പിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ഇതിലൂടെ വായനയിൽ താല്പര്യം വളർത്താം. സ്കൂൾ ലൈബ്രറിയും ക്ലാസ് ലൈബ്രറികളും ഇതിനായി പ്രയോജനപ്പെടുത്താം. 'ശുഭദിനം' പരിപാടിയിലെ'ജി.കെ.കഫെയും'വായനയ്ക്കും പൊതുവിജ്ഞാനം നേടുന്നതിനും കുട്ടിയെ പ്രോത്സാഹിപ്പിക്കും. പിന്നോക്കക്കാർക്കായി ICT സാധ്യതകളും ഭാഷാകേളികളും ഉൾപ്പെടുത്തിയുള്ള അധികസമയ പ്രവർത്തനങ്ങളും ഭാഷായെ പുരോഗതിയിലേക്കു നൽക്കും.

ഭാഷയോടൊപ്പം ശാസ്ത്രത്തിലും ഗണിതത്തിലും കുട്ടിയെ പുരോഗതിയിലേക്ക് നയിക്കേണ്ടതുണ്ട്. ഇതിനായുള്ള പ്രത്യേക പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.

ഞങ്ങളുടെ വിദ്യാലത്തിലെ ഈ കാഴ്ചപ്പാടുകൾ പൂർത്തീകരിക്കുവാൻ ഞങ്ങൾ പരിശ്രമിക്കും. ഈ കാഴ്ചപ്പാടുകൾ മുൻകൂട്ടി രൂപീകരിക്കുന്നതിലൂടെ വിദ്യാലയ ത്തിന്റെ അഞ്ചോ പത്തോവർഷത്തെ പ്രവർത്തനങ്ങളാണ്ആസൂത്രണംചെയ്യുന്നത്. മുൻ വർഷത്തെ ആസൂത്രണ പദ്ധതി പ്രകാരം പലപ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. വിദ്യാലയ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ ഇത്ഏറെസഹായകമാകും .

**********************

# മലയാളം

'വായന മനുഷ്യനെ പൂർണ്ണനാക്കുന്നു' എന്ന മഹദ്വചനത്തിലൂന്നിക്കൊണ്ട് കുട്ടികളെ വായനയുടെയും എഴുത്തിന്റേയും പാതയിലേക്ക് നയിക്കുക എന്നതാണ് വിദ്യാലയത്തിന്റെ പ്രധാനലക്ഷ്യം. ഈ ലക്ഷ്യത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ മുൻഗണനാക്രമത്തിൽഒരുക്കുകവഴികുട്ടികളെമാതൃഭാഷയിൽ മികവുറ്റ വരാക്കിത്തീർക്കാൻ സാധിക്കുമെന്നാണ്ഞങ്ങളുടെ പ്രതീക്ഷ.

ലക്ഷ്യങ്ങൾ

- നാലാംതരം കഴിയുമ്പോഴേക്കും കുട്ടികളെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ചുകൊണ്ട്മാതൃഭാഷ നന്നായിഎഴുതാനുംവായിക്കാനുംഎല്ലാകുട്ടികളേയും പ്രാപ്തരാക്കുക.
- വായനയിലൂടെ കുട്ടികളുടെ ഭാഷാശേഷിവികസിപ്പിക്കുക, വായന ഒരുശീലമാക്കി മാറ്റിയെടുക്കുക.
- എല്ലാ ക്ലാസിലുംലൈബ്രറിഒരുക്കുകവഴിവായനാവസരങ്ങൾസൃഷ്ടിക്കുക.
- സ്കൂൾലൈബ്രറി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.

- എഴുത്തിനോട് ആഭിമുഖ്യം വളർത്തുകയും ഭാവനാത്മകമായ എഴുത്തിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

| പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| • ഭാഷയിലുള്ള പരിമിതികൾ ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• ഭാഷയിലെ അടിസ്ഥാനശേഷികൾ സ്വായത്തമാക്കുന്ന പ്രവർത്തനങ്ങൾ | 1) പ്രീടെസ്റ്റ്<br>2) അക്ഷരങ്ങളെ കൂട്ടുകാരാക്കാം<br>3) ചിഹ്നങ്ങൾ ഉറപ്പിക്കാം.<br>4) ഭാഷാകേളികൾ<br>5) ചിത്രം-വിവരണം<br>6) ഇന്നത്തെ ഡയറി<br>7) പുസ്തക പരിചയം<br>8) ICT പ്രവർത്തനങ്ങൾ | ജൂൺ മുതൽ ആഗസ്ത് വരെ | അക്ഷര കാർഡുകൾ പദകാർഡുകൾ, ചിത്രങ്ങൾ, പുസ്തകങ്ങൾ ICT | എല്ലാ അധ്യാപകരും<br>MPTA |
| • കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുകയും ആസ്വാദനശേഷി വളർത്തുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ. | 1) വായനാമൂല, ക്ലാസ് ലൈബ്രറി രൂപീകരണം.<br>2) ശുഭദിനം പരിപാടി<br>3) സമ്മാനപ്പെട്ടി<br>4) ബാലസഭ<br>5) ഭാഷാ വർക്ക്ഷോപ്പ്<br>6) ഇ-വായന | ആഗസ്ത് മുതൽ | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>മാസികകൾ വർത്തമാന പത്രങ്ങൾ<br>ICT കവിതകൾ, കഥകൾ | എല്ലാ അധ്യാപകരും<br>BRC<br>PTA |
| • മികച്ച എഴുത്തുകാരനാക്കാം | 1) ചിത്രം - കുറിപ്പ്<br>2) വിവരണം തയ്യാറാക്കൽ<br>3) പുസ്തകവായന - ആസ്വാദനക്കുറിപ്പ്<br>4) ചിത്രം - കഥയെഴുത്ത്, കവിത<br>5) ദിനാചരണം - നോട്ടീസ് തയ്യാറാക്കൽ<br>6) കഥവായിച്ച് ചുരുക്കിയെഴുതൽ<br>7) സ്കൂൾ മാഗസീൻ | ആഗസ്ത് മുതൽ | ചെറുകഥാ പുസ്തകങ്ങൾ, കവിതാ പുസ്തകങ്ങൾ, ചിത്രങ്ങൾ, മാസികകൾ | SRG<br>PTA<br>BRC |

## പ്രവർത്തന വിശദാംശം

1) മലയാളത്തിളക്കം - പ്രീടെസ്റ്റ്: അധ്യായനവർഷാദ്യം തന്നെ എല്ലാ വിദ്യാർത്ഥികൾക്കും പ്രീടെസ്റ്റ് നടത്തി പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തുന്നു.
2) അക്ഷരങ്ങളെ കൂട്ടുകാരാക്കാം: ചിത്രങ്ങളും അക്ഷരകാർഡുകളും, ICT സാധ്യതകളും ഉൾപ്പെടുത്തി അക്ഷരങ്ങൾ ഉറപ്പിക്കൽ, (പിന്നോക്കക്കാർക്ക്)
3) ചിഹ്നങ്ങൾ ഉറപ്പിക്കൽ: 'ആഭരണം അണിയിക്കാം', 'വാക്കുകൾ ഉണ്ടാക്കാം' തുടങ്ങിയ നൂതന പ്രവർത്തനങ്ങളിലൂടെ ചിഹ്നങ്ങൾ ഉറക്കാത്ത കുട്ടികൾക്ക് ചിഹ്നങ്ങൾ ഉറപ്പിക്കൽ, ഇടവേളകളിലും അധികസമയം കണ്ടെത്തിയും പ്രവർത്തനങ്ങൾ മുടക്കം കൂടാതെ നടത്തുക.
4) ഭാഷാകേളികൾ:- അക്ഷരകേളികൾ, പദകേളികൾ, വാക്യ കേളികൾ ഇങ്ങനെ രസകരമായ ഭാഷാ പ്രവർത്തനങ്ങളിലൂടെ ഭാഷയിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക. ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ഭാഗമായി ഭാഷാ വർക്ക് ഷോപ്പിലൂടെയും പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകും.
5) ചിത്രം - കഥ പറയൽ:- പഠന സന്ദർഭങ്ങൾക്കും ക്ലാസിനും അനുയോജ്യമായ ചിത്രങ്ങളും കഥാചാർട്ടുകളും, പ്രദർശിപ്പിച്ച് കുട്ടികൾക്ക് അവരുടെ ഭാവനയ്ക്ക് അനുയോജ്യമായ രീതിയിൽ കഥപറയാനവസരമൊരുക്കുന്നു.
6) ചിത്രം - വിവരണം:- കുട്ടികൾക്ക് പരിചിതമായ ചിത്രങ്ങൾ നൽകി ലഘുവാക്യങ്ങൾ ഉണ്ടാക്കുകയും, ലഘുവാക്യങ്ങൾ ഉൾപ്പെടുത്തി വിവരണം തയ്യാറാക്കൽ.
7) ഇന്നത്തെ ഡയറി:- രണ്ടു മുതൽ നാലുവരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികളെയോക്കൊണ്ടും ക്ലാസ്റൂം അനുഭവങ്ങൾ ഉൾപ്പെടുത്തി ദൈനംദിന ഡയറി തയ്യാറാക്കാനാവശ്യപ്പെടുകയും ഇടവേള

കളിൽ അധ്യാപകർ തെറ്റുതിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

8) പുസ്തകപരിചയം:- ക്ലാസ് ലൈബ്രറിയിലെയും, സ്കൂൾ ലൈബ്രറിയിലെയും, പുസ്തകങ്ങൾ വായിച്ച് എല്ലാ ദിവസവും നടക്കുന്ന 'ശുഭദിനം' പരിപാടിയിൽ ഓരോ കുട്ടികൾക്കും പുസ്തകപരിചയം നടത്താനവസരം.

9) ICT സാധ്യതകളുൾപ്പെടുത്തി ഭാഷാപ്രവർത്തനങ്ങളൊരുക്കൽ.

10) വായനാമൂല:- കുട്ടികളുടെ സാഹിത്യ സൃഷ്ടികളും ചെറുപതിപ്പുകളും കഥാപുസ്തകങ്ങളും ഉൾപ്പെടുത്തി 'വായനാമൂല' ഒരുക്കുകയും ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്യുന്നു.

11) ശുഭദിനം പരിപാടി:- പ്രഭാതത്തിലെ റേഡിയോ പരിപാടിയുടെ അവതരണ ശൈലയിൽ പത്രവാർത്ത, ചിന്താവിഷയം, പുസ്തകപരിചയം എന്നിവ അവതരിപ്പിക്കുന്നു. എല്ലാ കുട്ടികൾക്കും അവസരം നൽകിക്കൊണ്ട് പ്രവർത്തനം ആസൂത്രണം ചെയ്യുന്നു.

12) സമ്മാനപ്പെട്ടി: ഓരോ ദിവസത്തെയും പത്രത്തിൽ നിന്നുള്ള വാർത്തയെ അടിസ്ഥാനമാക്കി ഒരു ചോദ്യം പ്രദർശിപ്പിക്കുകയും ഉത്തരം കണ്ടെത്തി സമ്മാനപ്പെട്ടിയിൽ നിക്ഷേപിക്കാൻ കുട്ടികളോടാവശ്യപ്പെടുകയും ചെയ്യുന്നു. കൂടുതൽ പോയിന്റുകൾ നേടിയ കുട്ടികളെ കണ്ടെത്തി മാസാവസാനം സമ്മാനം നൽകുന്നു.

13) ബാലസഭ: മാസത്തിലെ വ്യാഴാഴ്ച കുട്ടികളുടെ സർഗസൃഷ്ടികൾ കൂടി ഉൾപ്പെടുത്തി ബാലസഭ.

14) ഭാഷാ വർക്ക്ഷോപ്പ്: വായനാകാർഡ് നിർമ്മാണം, സാഹിത്യകാരന്മാരെ അറിയാം, ലഘുവിഷയങ്ങളിൽ സംവാദം, ഭാഷാ കേളികൾ ഉൾപ്പെടുത്തി മാസത്തിലെ ഒന്നാമത്തെ വെള്ളിയാഴ്ച ഭാഷാ

വർക്ക്ഷോപ്പ് വായനാകാർഡ് നിർമ്മാണത്തിൽ MPTA സഹായം തേടാവുന്നതാണ്.

15) ഇ-വായന: ICT സാധ്യതകൾ ഉപയോഗിച്ച് വായനയ്ക്കുള്ള അവസരമൊരുക്കുന്നു. ക്ലാസ്റൂം പ്രവർത്തനത്തിന്റെ ഭാഗമായി നടത്തുന്നു.

16) പുസ്തകവായന - **ആസ്വാദനക്കുറിപ്പ്** : പുസ്തകാസ്വാദനത്തിലെക്കെത്തിക്കുന്നതിനായി മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കാനും അത് അവതരിപ്പിക്കാനുമുള്ള സാഹചര്യമൊരുക്കുന്നു.

17) ദിനാചരണം - **നോട്ടീസ്**: പാദവാർഷിക പരീക്ഷയ്ക്കു ശേഷം ഓരോ മാസത്തേയും പ്രധാന ദിനാചരണങ്ങളുടെ നോട്ടീസ് തയ്യാറാക്കാനും പ്രദർശിപ്പിക്കാനും അവസരം.

18) സ്കൂൾ മാഗസീൻ : കുട്ടികളുടെ പോർട്ട് ഫോളിയോയിലെ മികച്ച സൃഷ്ടികളും ഭാഷാ വർക്ക്ഷോപ്പിലൂടെ ഉരുത്തിരിയുന്ന മികച്ച ഉത്പന്നങ്ങളും ഉൾപ്പെടുത്തി വർഷാവസാനം കുട്ടികളുടെ മാഗസീൻ തയ്യാറാക്കുന്നു.

## ഇംഗ്ലീഷ്

ഈ വിദ്യാലയത്തിലെ കുട്ടികളെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെ ഇംഗ്ലീഷിൽ ആശയവിനിമയ സന്ദർഭങ്ങൾ ഒരുക്കാനുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും ആസൂത്രണം ചെയ്യുന്നത്. 'ഇംഗ്ലീഷ് മീഡിയം' ഇല്ലാതെ തന്നെ ഇംഗ്ലീഷ് പഠനത്തിന് പൊതുവിദ്യാലയം മതി എന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുകയാണ് ലക്ഷ്യം.

ലക്ഷ്യങ്ങൾ

- കുട്ടികൾക്ക് ഇംഗ്ലീഷിനോടുള്ള ഭയം മാറ്റിയെടുക്കുക.
- വ്യത്യസ്തമായ ആശയവിനിമയ സന്ദർഭങ്ങൾ ഒരുക്കി ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
- പ്രാഥമികമായ ഭാഷാശേഷിനേടാൻ എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷ് പഠനത്തിന് ഇംഗ്ലീഷ് മീഡിയം തന്നെ വേണമെന്നില്ല എന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുക.

| പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| Engjoy English ഇംഗ്ലീഷ് പഠനം ഭയരഹിതവും ആസ്വാദകരമാക്കാനുള്ള പദ്ധതി | • കാണാം കേൾക്കാം രസിക്കാം<br>• ഇംഗ്ലീഷ് ഡെ.<br>• ഇംഗ്ലീഷ് ബാലസഭ<br>• സ്കിറ്റ് റോൾപ്ലേ | ജൂൺ മുതൽ ആഗസ്ത് | ICT ചിത്രങ്ങൾ കഥാപുസ്തകങ്ങൾ<br>Story books<br>പ്രൊജക്ടർ | SRG<br>MPTA |
| പ്രാഥമികമായ ഭാഷാശേഷി നേടാൻ പ്രാപ്തമാക്കുന്നു പ്രവർത്തനങ്ങൾ | • കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്.<br>• ഡിക്ഷണറി തയ്യാറാക്കാം.<br>• വായനാകാർഡു നിർമ്മാണം.<br>• വാക്യനിർമ്മാണം.<br>• ചിത്രത്തിൽ നിന്നും വിവരണം, കഥ തയ്യാറാക്കൽ<br>• വായിക്കാം - വായിപ്പിക്കാം | ജൂൺ മൂന്നാം വാരം മുതൽ ഫിബ്രുവരി അവസാന വാരം വരെ | ICT ഡിക്ഷണറി<br>ഡിക്ഷണറി<br>അക്ഷര കാർഡുകൾ<br>പദകാർഡ്<br>ചിത്രങ്ങൾ<br>ഇംഗ്ലീഷ് പുസ്തകങ്ങൾ | SRG<br>MPTA |
| ഇംഗ്ലീഷ് പഠനത്തിന് ഇംഗ്ലീഷ് | • ബാലസഭയിൽ അമ്മമാരും. | | | അധ്യാപകർ |

| | | | | |
|---|---|---|---|---|
| മീഡിയം തന്നെ വേണമെന്നില്ല എന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്താനുതകുന്ന പ്രവർത്തനങ്ങൾ | • അവധി ദിനങ്ങളിൽ വിദഗ്ധരെ പങ്കെടുപ്പിച്ച് ഇന്ററാക്ഷൻ ക്ലാസുകൾ.<br>• MPTA സഹായത്തോടെ വായനാ മെറ്റീരിയൽ തയ്യാറാക്കൽ.<br>• ദിനാചരണസമയത്തും വാർഷികാഘോഷസമയത്തും ഇംഗ്ലീഷ് സ്കിറ്റ്, പ്രസംഗം, നാടക മത്സരങ്ങൾ<br>• മാസികയിൽ ഇംഗ്ലീഷിനും ഒരിടം | 1 വർഷം | ആകർഷകമായ ക്ലാസ് റൂം<br>പഠന സാമഗ്രികൾ<br>ICT | MPTA<br>PTA<br>SSG<br>വിദഗ്ദർ<br>സമൂഹം |

## പ്രവർത്തനങ്ങൾ വിശദാംശങ്ങൾ

### 1) കാണാം , കേൾക്കാം, രസിക്കാം

വിദ്യാലയത്തിൽ ഇംഗ്ലീഷ് അന്തരീക്ഷമൊരുക്കുക എന്ന ഉദ്ദേശത്തോടെ ദിവസം അരമണിക്കൂറെങ്കിലും ഇംഗ്ലീഷ് ഓഡിയോ വീഡിയോ ക്ലിപ്പുകൾ കാണാനും കേൾക്കാനുമുള്ള അവസരം ഒരുക്കുന്നു. ഇടവേള സമയങ്ങളിൽ കമ്പ്യൂട്ടർ ലാബിൽ അതിനുള്ള സൗകര്യം ഒരുക്കുന്നു.

### 2) ഇംഗ്ലീഷ് ഡെ

എല്ലാ ബുധനാഴ്ചകളും ഇംഗ്ലീഷ് ഡെ ആയി ആചരിക്കുന്നു. അന്നത്തെ ശുഭദിനപരിപാടിയിൽ ഇംഗ്ലീഷ് വാർത്ത ചിന്താവിഷയം, പുസ്തക പരിചയം, പ്രതിജ്ഞ തുടങ്ങി എല്ലാ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. അന്നത്തെ ക്ലാസ്റൂം ഇന്ററാക്ഷനിലും ബോധപൂർവ്വം ഇംഗ്ലീഷ് ഉൾപ്പെടുത്തി കേൾക്കാനും സംവദിക്കാനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നു.

### 3) ഇംഗ്ലീഷ് ബാലസഭ

മാസത്തിൽ ഒരു ഇംഗ്ലീഷ് ബാലസഭ സംഘടിപ്പിക്കുന്നു. എല്ലാ പരിപാടികളും ഇംഗ്ലീഷിൽ തന്നെ അവതരിപ്പിക്കുന്ന ബാലസഭ നിയന്ത്രിക്കു

ന്നതിനും കുട്ടികൾക്ക് തന്നെ അവസരം നൽകുന്നു. ഓരോ ബാലസഭയുടേയും അവസാനം പ്രൊജക്ടർ വച്ച് ഒരു ഇംഗ്ലീഷ് സ്റ്റോറി അഥവാ കാർട്ടൂൺ വീഡിയോ പ്രദർശിപ്പിക്കുന്നു. ബാലസഭയിൽ ക്ലാസ്റൂം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സൃഷ്ടികൾക്ക് പ്രാധാന്യം നൽകുന്നു.

4) സ്കിറ്റുകൾ, റോൾപ്ലേ

ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ഭാഗമായി ഉരുത്തിരിയുന്ന സ്കിറ്റുകൾ, റോൾപ്ലേ തുടങ്ങിയവ മെച്ചപ്പെടുത്തി ബാലസഭകളിലും ക്ലാസ് പി.ടി.എ യോഗങ്ങളിലുമൊക്കെ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

5) കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്

ദിവസം ഒരു മണിക്കൂർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ സംഘടിപ്പിക്കുന്നു. ക്ലാസ്റൂം പ്രവർത്തനങ്ങൾക്ക് തടസ്സം വരാതെ അധികസമയ പ്രവർത്തനമായി നൽകുന്നു. വൈകുന്നേരം സ്കൂൾ സമയത്തിനുശേഷം നടക്കുന്ന ഈ ക്ലാസിൽ കുട്ടികൾക്ക് എന്തെങ്കിലും ലഘുഭക്ഷണം നൽകാനും പരിശ്രമിക്കുന്നതാണ്.

6) ഇംഗ്ലീഷ് നിഘണ്ടു തയ്യാറാക്കാം

കുട്ടികൾക്ക് ഓരോ ദിവസവും 2 പുതിയ വാക്കുകളെങ്കിലും പരിച.യപ്പെടാൻ അവസരം സൃഷ്ടിക്കുന്നു. ഈ വാക്കുകളുടെ അർത്ഥം കണ്ടെത്തി ഓരോ കുട്ടിയും സ്വന്തമായി ഒരു നിഘണ്ടു തയ്യാറാക്കുന്നു. 2 മുതൽ 4 വരെ ക്ലാസുകളിലുള്ള കുട്ടികളെയാണ് ഈ പ്രവർത്തനത്തിൽ ഉൾപ്പെടുത്തുന്നതെങ്കിലും ഒന്നാം തരത്തിലെ കുട്ടികളെയും പുതിയ വാക്കുകൾ പരിചയപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഏറ്റവും നന്നായി നിഘണ്ടു തയ്യാറാക്കിയ കുട്ടികൾക്ക് വാർഷികാഘോഷ വേളയിൽ സമ്മാനം നൽകുന്നു.

7) ബാലസഭയിൽ അമ്മമാരും

കുട്ടികൾ ബാലസഭയിൽ അവതരിപ്പിക്കുന്ന ഇംഗ്ലീഷ് അവതരണങ്ങൾ കാണാൻ അമ്മമാർക്കും അവസരമൊരുക്കുന്നു. ഇത് കുട്ടികളുടെ ഭാഷാശേഷി തിരിച്ചറിയാനും, പഠനപ്രവർത്തനങ്ങളിൽ സഹായിക്കാനും

സഹായിക്കുന്നതു കൂടാതെ പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് പഠനത്തെക്കുറിച്ച് ഒരു മതിപ്പുളവാക്കാനും സഹായികമാകുന്നു.

**8) വിദഗ്ധരുടെ ഇന്ററാക്ഷൻ ക്ലാസുകൾ**

അവധിദിനങ്ങളിൽ സരസമായി കുട്ടികളുമായി സംവദിക്കാൻ കഴിവുള്ള വിദഗ്ദരുടെ ഇന്ററാക്ഷൻ ക്ലാസുകൾ സംഘടിപ്പിക്കുന്നു. ജാഞ, ടടഏ സഹകരണത്തോടെ മാസത്തിൽ ഒരു തവണയെങ്കിലും നടപ്പാക്കണമെന്ന് ഉദ്ദേശിക്കുന്നു.

**9) MPTA സഹായത്തോടെ വായനാസാമഗ്രികൾ**

സ്വയം സന്നദ്ധരായ അമ്മമാരുടെ സഹായത്തോടെ കുട്ടികളക്കാവശ്യമായ വായനാ സാമഗ്രികൾ ഒരുക്കുന്നു. ഈ സാമഗ്രികളോടൊപ്പം വായനയിൽ താത്പര്യം ജനിപ്പിക്കുന്ന തരത്തിലുള് ചെറുകഥ, കവിതാ പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ സജ്ജീകരിക്കുന്നു.

**10) ദിനാചരണങ്ങൾ, വാർഷികാഘോഷം**

ദിനാചരണങ്ങൾ, വാർഷികാഘോഷങ്ങൾ ഇവയിൽ കുട്ടികളുടെ ഇംഗ്ലീഷ് അവതരണങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുന്നു. ഇംഗ്ലീഷ് നാടകങ്ങൾ പ്രസംഗങ്ങൾ, സ്കിറ്റുകൾ ഇവ ഉൾപ്പെടുത്തുക.

**11) മാസികയിൽ ഇംഗ്ലീഷിനും ഇടം**

അധ്യായയനവർഷാവസാനം തയ്യാറാക്കുന്ന കുട്ടികളുടെ മാസികയിൽ ഇംഗ്ലീഷിലുള്ള രചനകൾക്കും പ്രാമുഖ്യം നൽകുന്നു.

## ഗണിതം

ഗണിതത്തോട് ചില കുട്ടികൾക്കെങ്കിലുമുള്ള ഒരു ഭയം അകറ്റി ഗണിതപഠനത്തിൽ താത്പര്യം ജനിപ്പിക്കുക എന്നതും അടിസ്ഥാന ഗണിതശേഷികൾ നേടാൻ എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക എന്നതും ഈ വിദ്യാലയത്തിന്റെ പ്രധാന ലക്ഷ്യമാണ്. ഗണിതം ആസ്വദിച്ച് പഠിക്കാൻ കഴിയുന്ന തരത്തിലേക്ക് എല്ലാ കുട്ടികളേയും വളർത്തുക എന്നത് ശ്രമ

കരമായ ഒരു ദൗത്യമാണെങ്കിലും ചിട്ടയാർന്ന പ്രവർത്തനാസൂത്രണത്തിലൂടെ ലക്ഷ്യത്തിലെത്തിച്ചേരാൻ കഴിയുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

- ഗണിതപഠനത്തിന് ലളിതവും രസകരവുമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഓരോ ക്ലാസിലേയും അടിസ്ഥാനശേഷികൾ നേടിയെടുക്കുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
- ഗണിത താത്പര്യം വളർത്തിയെടുത്ത് ഗണിതം ആസ്വദിച്ച് പഠിക്കാൻ കഴിയുന്ന തരത്തിലേക്ക് മാറ്റിയെടുക്കുക.
- കൃത്യതയോടെയും സൂക്ഷ്മതയോടെയും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കുക.

| പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 'ഗണിതം ലളിതം' ഗണിത ശാസ്ത്രപഠനം ലളിതമാക്കാനും ഗണിതത്തിൽ താത്പര്യം വളർത്താനുമുള്ള പ്രവർത്തനങ്ങൾ | • ഗണിതകേളികളിലൂടെ പഠനം.<br>• കണക്കിനെ കൂട്ടുകാരനാക്കാം - ഗണിത വർക്ക്ഷോപ്പ്.<br>• MPTA സഹകരണത്തോടെ പഠനോപകരണ ശിൽപശാല.<br>• ക്ലാസ് ലൈബ്രറിയിൽ ഗണിത പുസ്തകങ്ങൾ<br>• ഗണിത പസിലുകൾക്ക് ഉത്തരം കണ്ടെത്താം.<br>• ഗണിത ക്വിസ് മത്സരങ്ങൾ.<br>• കുട്ടികളുടെ മാഗസീൻ<br>• ഗണിത ലാബ് | ജൂൺ മുതൽ മാർച്ച് | ICT<br>ഗണിത പഠനോപകരണങ്ങൾ<br>ഗണിത പുസ്തകങ്ങൾ | SRG<br>MPTA<br>SSG |

## പ്രവർത്തന വിശദാംശങ്ങൾ

### 1) ഗണിതകേളികളിലൂടെ പഠനം

ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ഭാഗമായി ഗണിതകേളികളിലൂടെയും കഥകൾ, പാട്ടുകൾ, ICT ഇവയിലൂടെ ഗണിതാശയങ്ങൾ കുട്ടികളിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.

### 2) കണക്കിനെ കൂട്ടുകാരനാക്കാം

ജൂലായ് മുതൽ ഫിബ്രുവരി വരെയുള്ള എല്ലാ മാസങ്ങളിലും മൂന്നാമത്തെ വെള്ളിയാഴ്ച കണക്കിനെ കൂട്ടുകാരനാക്കാം എന്ന പേരിൽ ഗണിതവർക്ക്ഷോപ്പ് സംഘടിപ്പിക്കുക. ഇതിൽ നിർമ്മാണ പ്രവർത്തനങ്ങൾ, അളക്കൽ (നീളം, ഭാരം, ഉള്ളളവ്), പാറ്റേണുകൾ, ടാൻഗ്രാം എന്നിവയിലൂടെ ജ്യാമിതീയ ലോകത്തെത്തിക്കൽ വിവരസാങ്കേതിക വിദ്യയെ ഗണിത പഠനവുമായി ബന്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

### 3) പഠനോപകരണ നിർമ്മാണ ശിൽപശാല (MPTA സഹകരണത്തോടെ)

അമ്മമാരെ ഉൾപ്പെടുത്തി ഗണിതലാബിലേക്കുള്ള പഠനോപതരണങ്ങൾ നിർമ്മിക്കുന്നു. ഒരു ടേമിൽ ഒരു തവണ സംഘടിപ്പിക്കുന്ന ഈ ശിൽപശാലയിലൂടെ ഗണിത പഠനരീതിയെക്കുറിച്ചുള്ള ഒരു അവബോധം രക്ഷിതാക്കളിൽ ഉണ്ടാക്കിയെടുക്കാനും സാധിക്കുന്നു.

### 4) ക്ലാസ് ലൈബ്രറിയിൽ ഗണിത പുസ്തകങ്ങൾ

ഗണിത താത്പര്യം വളർത്തുന്നതിനും ഗണിതാശയങ്ങളുടെ ആഴത്തിലുള്ള സ്വാംശീകരണത്തിനും ക്ലാസ് ലൈബ്രറിയിൽ ലളിതമായ ഗണിത പുസ്തകങ്ങൾ ക്രമീകരിക്കുന്നു. ഇടവേളകളിൽ വായനയ്ക്കായി പ്രത്യേകസമയം കണ്ടെത്തുന്നു.

### 5) ഗണിത പസിലുകൾ

എല്ലാ വെള്ളിയാഴ്ചകളിലും 2 വീതം ഗണിത പസിലുകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും കുട്ടികൾ തിങ്കളാഴ്ചകളിൽ ഉത്തരം കണ്ടെത്തിവരികയും ചെയ്യുന്നു.

6) **ഗണിത ക്വിസ് മത്സരം**

**മാസത്തിൽ ഒരു തവണ ക്ലാസ് തലത്തിൽ ഗണിത ക്വിസ് നടത്തി വിജയികളെ തെരഞ്ഞെടുക്കുന്നു.**

7) **ഗണിതലാബ്**

**ഗണിതവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ കുട്ടികൾ സ്വയം നിർമ്മിച്ച ഗണിതോപകരണങ്ങൾ, പാറ്റേണുകൾ പസിലുകൾ ഇവ ഒരുക്കി 3, 4 ക്ലാസുകളിൽ ഗണിതലാബുകൾ ഒരുക്കുന്നു.**

8) **കുട്ടികളിൽ മാഗസിൻ**

**വർഷാവസാനം പുറത്തിറക്കുന്ന കുട്ടികളുടെ മാഗസിനിൽ ഗണിതവുമായി ബന്ധപ്പെട്ട രചനകൾ ഉൾപ്പെടുത്തുന്നു. പരമാവധി കുട്ടികൾക്ക് അവസരം നൽകുന്നു.**

**വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും അറബിഭാഷ വായിക്കാനും എഴുതുവാനും പ്രാപ്തരാക്കുക എന്നത് ഈ വിദ്യാലയത്തിന്റെ ഒരു പ്രത്യേകതയാണ്.**

| പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അറബി ഭാഷയിലുള്ള പരിമിതികൾ ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പദ്ധതി | • അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• അക്ഷരക്കാർഡുകൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കൽ | ജൂൺ മുതൽ ആഗസ്ത് | അക്ഷര ക്കാർഡുകൾ പദക്കാർഡുകൾ, ചിത്രങ്ങൾ, ICT | അദ്ധ്യാപകൻ<br>MPTA |
| നല്ല വായനക്കാരനാക്കുക | • ക്ലാസ് ലൈബ്രറികളിൽ അറബിവായനാമെറ്റീരിയലുകൾ ഒരുക്കി വായനാ അവസരങ്ങൾ ഒരുക്കുന്നു.<br>• അക്ഷരങ്ങളും വാക്കുകളും ഉറപ്പിച്ച് വാക്യനിർമ്മാണം.<br>• ഡിക്ഷണറി തയ്യാറാ | ആഗസ്ത് മുതൽ | ക്ലാസ് ലൈബ്രറി .<br>ചിത്രങ്ങൾ, കഥാപുസ്തകങ്ങൾ | |

| | | | | |
|---|---|---|---|---|
| | ക്കാം.<br>• ചിത്രത്തിൽ നിന്നും വിവരണം തയ്യാറാക്കൽ | | ICT | |

ദാഃ
പ്രവർത്തന വിശധാംശം

1) **അക്ഷരം ഉറപ്പിക്കൽ**

ചിത്രങ്ങളും അക്ഷരകാർഡുകളും, ICT സാധ്യതകളും ഉൾപ്പെടുത്തി അക്ഷരങ്ങൾ ഉറപ്പിക്കൽ.

അക്ഷര കാർഡുകൾ, ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തി വാക്കുകൾ നിർമ്മിക്കൽ

2) **നല്ല വായനക്കാരനാക്കുക**

ഓരോ ക്ലാസിനും യോജിച്ച പുസ്തകങ്ങൾ ക്ലാസ് ലൈബ്രറികളിൽ ഒരുക്കി വായനാ അവസരങ്ങൾ ഒരുക്കുന്നു.

3) **അറബി നിഘണ്ടു തയ്യാറാക്കൽ**

കുട്ടികൾക്ക് ദിവസവും 2 പുതിയ വാക്കുകളെങ്കിലും പരിചയപ്പെടുകയും ആ വാക്കിന്റെ അർഥം പറഞ്ഞ് കൊടുക്കുകയും ചെയ്യുന്നു. ഓരോ കുട്ടിയും സ്വന്തമായി നിഘണ്ടു തയ്യാറാക്കുന്നു.

4) ചിത്രം - വിവരണം

കുട്ടികൾക്ക് പരിചിതമായ ചിത്രങ്ങൾ നൽകി ലഘു വാക്യങ്ങൾ ഉൾപ്പെടുത്തി വിവരണം തയ്യാറാക്കൽ.

## പരിസര പഠനം

കുട്ടികളിൽ ശാസ്ത്രബോധവും ശാസ്ത്രതാല്പര്യവും വളർത്തി കുട്ടി ശാസ്ത്രജ്ഞന്മാരെ വാർത്തെടുക്കുക എന്നത് വിദ്യാലയത്തിന്റെ ശ്രദ്ധേയമായ പ്രവർത്തന പദ്ധതിയാക്കി മാറ്റിയെടുക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ലക്ഷ്യങ്ങൾ

- കുട്ടികളിൽ ശാസ്ത്രബോധവും ശാസ്ത്ര താല്പര്യവും വളർത്തിയെടുക്കുക.
- സ്കൂളിലെ മുഴുവൻ കുട്ടികളെയും പരീക്ഷണങ്ങളിലേർപ്പെടുത്തുക.
- കുട്ടി ശാസ്ത്രജ്ഞന്മാരെ വാർത്തെടുക്കുക.

പ്രവർത്തനങ്ങൾ

| പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര താല്പര്യവും ശാസ്ത്രബോധവും വളർത്തി കുട്ടി ശാസ്ത്രജ്ഞന്മാരെ വളർത്തിയെടുക്കാനുതകുന്ന പ്രവർത്തനങ്ങൾ | • **ശാസ്ത്രമാജിക്**<br>• **ശാസ്ത്രചോദ്യോത്തരാവതരണം**<br>• **ശാസ്ത്രജ്ഞരെ അറിയാം**<br>• **ശാസ്ത്ര സ്കിറ്റ് അവതരണം.**<br>• **ശാസ്ത്ര ക്വിസ്**<br>• **ശാസ്ത്രപതിപ്പ് നിർമ്മാണം.**<br>• **ശാസ്ത്ര കോർണർ** | ജൂൺ മുതൽ മാർച്ച് | ശാസ്ത്ര പുസ്തകങ്ങൾ, പരീക്ഷണോപകരണങ്ങൾ<br>ICT<br>ക്ലാസ് റൂം ഷെൽഫ് | ക്ലാസ് അദ്ധ്യാപകൻ<br>MPTA<br>PTA |

## പ്രവർത്തന വിശദാംശങ്ങൾ

- ശാസ്ത്രമാജിക്

ജൂലായ് മുതൽ മാസത്തിലെ അനസാനത്തെ വെള്ളിയാഴ്ചകളിൽ ഒരു മണിക്കൂർ ശാസ്ത്രമാജിക് എന്ന പേരിൽ ശാസ്ത്ര പരീക്ഷണാവതരണം പ്രവർത്തനത്തിൽ എല്ലാ കുട്ടികൾക്കും പങ്കെടുക്കാനുള്ള അവസരം നൽകുന്നു. മികച്ച രീതിയിലുള്ള പരീക്ഷണാവതരണം നടത്തിയ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.

- **ശാസ്ത്രചോദ്യോത്തരാവതരണം**

  സ്കൂൾ അസംബ്ലിയിൽ ശാസ്ത്രചോദ്യോത്തരങ്ങൾ അവതരിപ്പിക്കാൻ എല്ലാ കുട്ടികൾക്കും അവസരം നൽകുന്നു.

- ബാലസഭ

  ബാലസഭയിൽ ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ

- ശാസ്ത്രക്വിസ്

  മാസത്തിൽ ഒരു തവണ ക്ലാസ് തല ശാസ്ത്രക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

- **ശാസ്ത്ര പതിപ്പ് നിർമ്മാണം**

  ക്ലാസ് തല പ്രവർത്തനങ്ങളുടെ ഭാഗമായും ദിനാചരണങ്ങളുടെ ഭാഗമായും ശാസ്ത്ര പതിപ്പുകളും പോസ്റ്ററുകളും തയ്യാറാക്കുന്നു.

- ശാസ്ത്രകോർണർ

  ഓരോ ക്ലാസിലും കുട്ടികളുടെ ഉത്പന്നങ്ങളും ശാസ്ത്രോപകരണങ്ങളും പഠനപ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ ക്രമീകരിക്കുന്നു.

## ഭിന്നനിലവാരക്കാർക്കായുള്ള പ്രവർത്തനങ്ങൾ

പഠനത്തിൽ വിവിധ തരത്തിലുള്ള പ്രയാസങ്ങൾ നേരിടുന്ന കുട്ടികളെയും മുഖ്യാധാരയിലെത്തിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. നിരന്തരവും ചിട്ടയായുമുള്ള പ്രവർത്തനാസൂത്രണം ഇതിനാവശ്യമാണ്.

<u>ലക്ഷ്യങ്ങൾ</u>

- പഠനം ലളിതവും രസകരവുമാക്കുക.
- അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കുക.
- കുട്ടികളുടെ വ്യക്തിപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുക, അവരെ മുഖ്യാധാരയിലെത്തിക്കുക.

| പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| പഠനത്തിൽ പ്രയാസം നേരിടുന്ന കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.<br><br>(മലയാളത്തിളക്കം, ശ്രദ്ധ) | • പ്രീ ടെസ്റ്റ് (മലയാളത്തിളക്കം, ശ്രദ്ധ)<br>• പഠനം രസകരം<br>• ഞങ്ങളും മുന്നിലേക്ക<br>• വ്യക്തിഗത പരിശീലനം<br>• അധികസമയ പ്രത്യേക ക്ലാസുകൾ | **ജൂൺ മുതൽ** | ICT<br><br>ചിത്രങ്ങൾ പുസ്തകങ്ങൾ പഠനോപകരണങ്ങൾ കളിയുപകരണങ്ങൾ, പ്രൊജക്ടർ ലാപ്ടോപ്പ് | എല്ലാ അദ്ധ്യാപകരും<br><br>PTA<br><br>BRC<br><br>ജനപ്രിതിനിധികൾ സൊസൈറ്റി |

പ്രവർത്തന വിശദാംശം

- പ്രീടെസ്റ്റ്

  മലയാളത്തിളക്കം, ശ്രദ്ധ ഇവയുമായി ബന്ധപ്പെട്ട് പ്രീടെസ്റ്റ് നടത്തി ഓരോ വിഷയത്തിലും പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്തുന്നു.

- പഠനം രസകരം

  ICT സാധ്യതകൾ, കളിയുപകരണങ്ങൾ, കഥകൾ, പാട്ടുകൾ, ചിത്രങ്ങൽ, പഠനോപകരണങ്ങൾ ഇവ പയോഗിച്ച് പഠനത്തിൽ താല്പര്യം വളർത്താനും പഠനം രസകരമാക്കാനുമുള്ള പ്രവർത്തനങ്ങൾ ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ഭാഗമായും അല്ലാതെയും നൽകുന്നു.

- ഞങ്ങളും മുന്നിലേക്ക്

  വിദ്യാലയത്തിലെ എല്ലാ പ്രവർത്തനങ്ങളിലും അവരുടെ കഴിവിനനുസരിച്ച് പങ്കാളികളാകാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു.

- വ്യക്തിഗത പരിശീലനം

  ഓരോ ക്ലാസിലെയും പിന്നോക്കക്കാരായ കുട്ടികൾക്ക് വ്യക്തിഗത ശ്രദ്ധ നൽകുകയും അനുയോജ്യമായ പ്രവർത്തനങ്ങൾക്കായി പ്രത്യേക സമയം കണ്ടെത്തുകയും ചെയ്യുന്നു. അവധിദിന ക്ലാസുകളും അധിക സമയപ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നു.

# കലാകായിക പരിപോഷണം

ശാരീരിക മാനസിക വികാസങ്ങളുടേയും വളർച്ചയുടേയും അടിത്തറ രൂപപ്പെടുന്ന ഘട്ടമാണ് പ്രൈമറിതലം. പുതിയ പാഠ്യപദ്ധതി സമീപനത്തിൽ പൊതുവിഷയങ്ങൾക്കൊപ്പം തന്നെ പ്രാധാന്യം നൽകയാണ് കലാപഠനത്തേയും ആരോഗ്യ കായിക വിദ്യാഭ്യാസത്തേയും കണക്കാക്കുന്നത്. കലാപഠനത്തിന്റേയും ആരോഗ്യകായിക പഠനത്തിന്റെയും തനതു സാധ്യതകൾ നിലനിർത്തുന്നതിനോടൊപ്പം വ്യത്യസ്ത വിഷയവുമായുള്ള ഉദ്ഗ്രഥിത സമീപനവും ഇന്നത്തെ പഠനരീതിക്ക് അത്യാവശ്യമാണ്.

ലക്ഷ്യങ്ങൾ

- കുട്ടികളുടെ നൈസർഗികമായ കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക.

- കലയെ ഉപ.യോഗപ്പെടുത്തി മറ്റുവിഷയങ്ങളുടെ പഠനം ഫലപ്രദമാക്കുന്നതിന്.

- കായികമികവ് പ്രദർശിപ്പിക്കുന്ന കുട്ടികൾക്ക് കൃത്യമായ പരിശീലനവും പ്രോത്സാഹനവും നൽകുക.

- കുട്ടിയുടെ സാമൂഹിക ഉത്തരവാദിത്തങ്ങളെക്കുറിച്ചുള്ള അവബോധമുണ്ടാക്കുക.

| പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| കുട്ടികളുടെ കലാവാസനകൾ തിരിച്ചറിഞ്ഞ് പോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | • ബാലസഭകൾ<br>• ശിൽപശാലകൾ<br>• ദിനാചരണങ്ങൾ<br>• കുട്ടികളുടെ മാസിക<br>• വാർഷികാഘോഷം | ജൂൺ മുതൽ മാർച്ച്<br><br>ജൂൺ മുതൽ മാർച്ച് | സ്കൂൾ ക്ലാസ് ലൈബ്രറി | SRG<br><br>SSG<br><br>PTA |
| ആരോഗ്യ കായിക വിദ്യാഭ്യാസ പോഷണ പ്രവർത്തനങ്ങൾ | • മാസ്ഡ്രിൽ<br>• കായികപരിശീലനം<br>• സൈക്ലിംഗ് പരിശീലനം | സപ്തംബർ മുതൽ ഡിസംബർ | സ്പോർട്സ് ഉപകരണങ്ങൾ<br><br>സൈക്കിൾ | |

## പ്രവർത്തന വിശദാംശങ്ങൾ

- **ബാലസഭ, ശിൽപശാലകൾ**

  ക്ലാസ് റൂം പ്രവർത്തനത്തിന്റെ ഭാഗമായും അല്ലാതെയും കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകൾ പ്രകടിപ്പിക്കാനുള്ള പരമാവധി അവസരങ്ങൾ ഒരുക്കുകയും അവരുടെ ഉത്പന്നങ്ങൾ സൃഷ്ടികൾ എന്നിവ ബാലസഭ, ശിൽപശാലകൾ, ദിനാചരണങ്ങൾ എന്നീ പരിപാടികളിൽ അവതരിപ്പിക്കാനുള്ള അവസരങ്ങൾ നൽകുകയും ചെയ്യുന്നു.

- **മാസികകൾ, പതിപ്പുകൾ**

  ചുമർ പതിപ്പുകൾ, മാസികകൾ എന്നിവ ക്ലാസ്റൂം പ്രവർത്തനങ്ങളുടേയും ഭാഗമായി നിർമ്മിക്കുന്നു. വർഷാവസാനം മെച്ചപ്പെട്ട സൃഷ്ടികൾ ഉൾപ്പെടുത്തി കുട്ടികളുടെ മാസിക തയ്യാറാക്കുന്നു.

- **സ്കൂൾ വാർഷികം**

  വർഷാവസാനം സ്കൂൾ വാർഷികം വിപുലമായ പരിപാടികളോടെ ആസൂത്രണം ചെയ്യുന്നു. വാർഷികാഘോഷത്തിൽ പങ്കെടുക്കാൻ പരമാവധി എല്ലാ കുട്ടികൾക്കും അവസരം നൽകുന്നു.

- **മാസ് ഡ്രിൽ**

  എല്ലാ വ്യാഴാഴ്ചകളിലും 30 മിനിട്ട് മാസ് ഡ്രില്ലിനായി നീക്കിവെക്കുന്നു. കുട്ടികൾക്കും കൃത്യമായ ഉത്തരവാദിത്തങ്ങൾ നൽകുന്നു. അതോടൊപ്പം കായിക മികവു പ്രദർശിപ്പിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനവും നൽകുന്നു.

# സാമൂഹ്യപങ്കാളിത്തം

ഒരു വിദ്യാലയത്തെ സംബന്ധിച്ച് അതിന്റെ മുന്നേറ്റത്തിലേക്കുള്ള ചാലക ശക്തിയാകേണ്ടത് പൊതു സമൂഹമാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്താനുള്ള പഠനാന്തരീക്ഷവും പഠന സഹായ സംവിധാനങ്ങളും വിദ്യാലയത്തിൽ രൂപപ്പെടുത്തുന്നതിന് പൊതു സമൂഹത്തിൻരെ ക്രിയാത്മകമായ ഇടപെടൽ ആവശ്യമാണ്. നമ്മുടെ വിദ്യാലയത്തെ പൊതുസമൂഹവുമായി ബന്ധപ്പെടുത്തുന്നതിന് MPTA, PTA വിദ്യാലയ വികസനസമിതി പൂർവ്വ വിദ്യാർഥി സംഘടന എന്നിവ ശാക്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കും.

ലക്ഷ്യങ്ങൾ

- വിദ്യാലയ വികസനത്തിൽ പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പു വരുത്തുക.
- പരിസരത്തുള്ള പരമാവധി കുട്ടികളെ വിദ്യാലയത്തിലെത്തിക്കുക.

| പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| കുട്ടികളുടെ വിദ്യാലയ വികസനത്തിൽ പൊതു സമൂഹത്തിന്റെ പങ്കാളിത്തം<br><br>പരിസരത്തുള്ള പരമാവധി | • PTA, MPTA , Class PTA, SSG വിദ്യാലയ വികസന സമിതി ഇവയുടെ ചിട്ടയായ പ്രവർത്തനം.<br>• പഠനോപകരണ നിർമ്മാണ ശിൽപശാല.<br>• അമ്മ വായന<br>• പുസ്തക സമാഹരണം<br>• ബോധവത്കരണ ക്ലാസുകൾ.<br>• വാർഷിക പാർട്ടികളിലെ പങ്കാളിത്തം<br>• വിദ്യാലയ പച്ചക്കൃഷിത്തോട്ടം. | 1 വർഷം | | |

| | | | | |
|---|---|---|---|---|
| കുട്ടികളെ വിദ്യാലയത്തി ലെത്തിക്കുക.<br><br>വിദ്യാലയ മികവ് പപൊ തുജനങ്ങ ളിലെത്തിക്കു ക. | • ഗൃഹസന്ദർശനം<br>• പൂർവ്വ വിദ്യാർത്ഥി സംഗമം.<br>• വാർഷികാ ഘോഷം.<br>• പ്രദർശനങ്ങൾ<br>• ക്ലാസ് പി,ടി.എ | | | |

## പ്രവർത്തന വിശദാംശങ്ങൾ

**1) പഠനോപകരണ നിർമ്മാണ ശില്പശാല**

**എല്ലാമാസവും നടത്തുന്ന ശില്പശാലകളിൽ അമ്മമാരുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുക.**

2) അമ്മവായന

കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ അമ്മമാർക്ക് കൂടി വായനയ്ക്ക് സാധ്യമാക്കണം.

3) പുസ്തകസമാഹരണം

കുട്ടികളുടെ പിറന്നാൾ ആഘോഷങ്ങളുടെയും ഗൃഹസന്ദർശനങ്ങളുടെയും ഭാഗമായി വിദ്യാലയത്തിലേക്കുള്ള ലൈബ്രറി പുസ്തകങ്ങളുടെ സമാഹരണം.

4) ബോധവത്കരണ ക്ലാസുകൾ

രക്ഷിതാക്കൾക്കായുള്ള ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

5) വാർഷിക പരിപാടികളിലെ പങ്കാളിത്തം

വാർഷികാഘോഷം പോലെയുള്ള വിദ്യാലയത്തിന്റെ പരിപാടികളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു

6) **വിദ്യാലയ പച്ചക്കൃഷിത്തോട്ടം**

വിദ്യാലയ പരിസരത്ത് ഒരു പച്ചക്കറിത്തോട്ടം ഉണ്ടാക്കുക. പി.ടി.എ യുടെ സഹകരണം ഉറപ്പാക്കുക. തോട്ടത്തിൽ ഉണ്ടാക്കുന്ന ഉത്പന്നങ്ങൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനുള്ള വിഭവമാക്കാം.

7) **ഗൃഹസന്ദർശനം**

സ്കൂളും സമൂഹവുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിന് ഇടയക്ക് ഗൃഹസന്ദർശന പരിപാടികൾ സംഘടിപ്പിക്കുന്നു.

8) **പൂർവ്വ വിദ്യാർത്ഥി സംഗമം**

വിദ്യാലയത്തിന്ന് സമൂഹവുമായി ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധന കണ്ണിയാണ് പൂർവ്വ വിദ്യാർത്ഥി സംഘടനകൾ. പൂർവ്വ വിദ്യാർത്ഥി സംഗമം. വളരെ ഊർജ്ജിതമായി നടപ്പിലാക്കും.

9) **വാർഷികാഘോഷം**

വിദ്യാലയത്തിന്റെ മികവ് പൊതു സമൂഹത്തിലെത്തിക്കുന്നതിനായി വാർഷികാഘോഷം നടത്തും.

10) **പ്രദർശനങ്ങൾ**

വിദ്യാലയത്തെ കേന്ദ്രീകരിച്ച് പൊതുജനങ്ങൾക്ക് കൂടി പ്രവേശനം ലഭിക്കത്തക്കവിധം പ്രദർശനങ്ങൽ സംഘടിപ്പിക്കും.

11. **ക്ലാസ് പി.ടി.എ**

കുട്ടികളുടെ അക്കാദമിക നിലവാരങ്ങൾ ചർച്ച ചെയ്യുന്നതിനായി ക്ലാസ് പി.ടി.എ കൾ നടത്തും.

# അക്കാദമിക ആസൂത്രണം

- ഭാഷയിൽ മാതൃഭാഷയായാലും ഇംഗ്ലീഷ് ആയാലും എഴുതാനും വായിക്കാനും ആശയ വിനിമയം നടത്താനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക എന്നതാണ് ആദ്യലക്ഷ്യം.
- അതിനായി ഒന്നാം തരത്തിൽ തന്നെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം. അതിനായി പഠനോപകരണങ്ങൾ, ICT സാധ്യതകൾ, രക്ഷിതാക്കളുടെ സഹകരണം എന്നിവ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തണം.
- ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക.
- അമ്മ വായന പദ്ധതി നടപ്പിലാക്കുക.
- വിദ്യാലയ ശുഭദിനം പരിപാടിയിൽ വാർത്താവതരണം, GK കഫെ, വായനാക്കുറിപ്പവതരണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഭാഷാപോഷണത്തിന് പ്രാധാന്യം.
- സർഗ്ഗപരതയെ പ്രോത്സാഹിപ്പിക്കാനായി ബാലസഭകൾ, അനുബന്ധ പഠന പ്രവർത്തനങ്ങൾ, ഭാഷാശിൽപശാലകൾ എന്നിവ ഒരുക്കൽ. ശാസ്ത്ര ബോധം വളർത്താനും ശാസ്ത്ര കുതുകികളായി വളരാനും ഉതകുന്ന പ്രവർത്തനങ്ങൾ
- ശാസ്ത്രമാജിക് അവതരണം
- ശാസ്ത്രജ്ഞന്മാരുടെ കഥകൾ, ചിത്രങ്ങൾ, കണ്ടുപിടുത്തങ്ങൾ പരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടെ ശാസ്ത്രശിൽപശാലകൾ മാസത്തിലെ രണ്ടാമത്തെ വെള്ളിയാഴ്ചകളിൽ. 'ഗണിതം ലളിതം' പ്രവർത്തനങ്ങളിലൂടെ ഗണിതശാസ്തര പഠനത്തിൽ താൽപര്യവും ഗണിതശേഷികൾ ഉറപ്പിക്കുയും ചെയ്യുക.
- ഗണിത ക്വിസ്, ഗണിതജ്ഞന്മാരെ പരിചയപ്പെടുത്തൽ, ഗണിത കോർണർ രൂപീകരണം, മന:കണക്ക് - മധുരിക്കും കണക്ക് തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ഗണിത ശിൽപശാലകൾ മാസത്തിലെ മൂന്നാമത്തെ വെള്ളിയാഴ്ച ഉച്ചയ്ക്കു ശേഷം നടത്തുന്നു.
- ഗണിത ലാബ് ഓരോ ക്ലാസിനും
- എല്ലാ ബുധനാഴ്ചയും 'English Day'

*********

# 2025-26 വർഷത്തെ അക്കാദമിക ലക്ഷ്യങ്ങൾ

## മലയാളം

| പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പന്തുണ |
|---|---|---|---|---|
| ഉച്ചഭാഷിണി വായന (അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു) | ഭാഷയിലെ വികാസ പ്രവർത്തനം. അർത്ഥ പൂർണമായ വായന ഉച്ചഭാഷിണിയിലൂടെ | ജൂൺ-മാർച്ച് | ഉച്ചഭാഷിണി പുസ്തകങ്ങൾ | MPTA SRG |
| എന്റെ പിറന്നാൾ പുസ്തകം (മികച്ച വായനാ ശീലം വളർത്തുക) | എല്ലാ കുട്ടികളുടെയും പിറന്നാൾ ദിനത്തിൽ പുസ്തകം സ്കൂൾ ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു. 'വായനകുടുക്ക' എന്ന പേരിൽ ക്ലാസ് ലൈബ്രറികൾ വിപുലപ്പെടുത്തുന്നു. | ജൂൺ-മാർച്ച് | ബാലമാസികകൾ വായനാ കാർഡ് | PTA |
| ക്ലാസ്തല പത്രം | മാസത്തിൽ ഒരു തവണ സ്കൂൾ തല പത്രം തയ്യാറാക്കൽ. എഡിറ്റോറിയൽ ബോർഡ് രൂപീകരണം | ജൂൺ-മാർച്ച് | ചാർട്ട് മറ്റ് പഠനോപകരണങ്ങൾ | അധ്യാപകർ |

| പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| റീഡേർസ് തീയേറ്റർ (മികച്ച വായനശീലം വളർത്തുക) | ക്ലാസ്റൂം പ്രക്രിയകളിൽ വായിച്ച പുസ്തകങ്ങളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു | ജൂൺ-മാർച്ച് | പുസ്തകലങ്ങൾ ICT | SRG MPTA |
| ആശയഗ്രഹണം (ആശയ വിനിമയ ശേഷി കൈവരിക്കൽ) | പഠനപന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ-മാർച്ച് | വായനക്കാർഡു കൾ അക്ഷര ചിത്രങ്ങൾ | PTA MPTA SRG |

## 2025 - 26 വർഷത്തെ അക്കാദമിക ലക്ഷ്യങ്ങൾ

### ഇംഗ്ലീഷ്

| പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 'ഹലോ വേൾഡ് ഇംഗ്ലീഷ്' പരിപോഷണ പരിപാടി (ആശയ വിനിമയം, വായന, എഴുത്ത് എന്നിവ ഇംഗ്ലീഷ് ഭാഷയിൽ തെറ്റു കൂടാതെ ഉപയോഗിക്കൽ പഠിക്കൽ) | **കേൾവി പ്രവൃത്തി പരിചയം**<br>• കളികൾ<br>• ആംഗ്യപാട്ട്<br>• ICT ഉപയോഗം<br>• സ്കിറ്റ്, കഥകൾ<br>• etc | ജൂൺ മുതൽ മാർച്ച് വരെ | ICT കഥകൾ, പാട്ടുകൾ | PTA SRG |
| | **വിനിമയ പ്രവർത്തനങ്ങൾ**<br>• സംഭാഷണം<br>• വിവരണം<br>• ചിത്ര വിവരണം<br>• സ്വയം പരിചയപ്പെടുത്തൽ<br>• etc., | ജൂൺ-മാർച്ച് | ചിന്തകൾ ICT | SRG MPTA |
| | **വായനാ പ്രവർത്തനങ്ങൾ**<br>• പുസ്തക വായന<br>• ടെക്സ്റ്റ് ബുക്ക് പ്രവർത്തനങ്ങൾ | | TB പുസ്തകങ്ങൾ ICT | SRG MPTA |
| | ലേഖന പ്രക്രിയകൾ<br>• ഡയറി<br>• ചിന്ത<br>• വിവരണം<br>• പ്രദർശനം | ജൂൺ- മാർച്ച് | ICT പഠനോപകരണങ്ങൾ | SRG |
| | • പ്രത്യേക ഇംഗ്ലീഷ് പരിപോഷണ ക്ലാസ് എല്ലാ ശനിയാഴ്ചകളിലും സംഘടിപ്പിക്കുന്നു. | | | |

2025-26 വർഷത്തെ അക്കാദമിക ലക്ഷ്യങ്ങൾ

## ഇംഗ്ലീഷ്

| പ്രോഗ്രം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഇംഗ്ലീഷ് പ്രാഥമിക രചനോത്സവം | • വരികൾ കൂട്ടിചേർക്കുക<br>• ചിത്ര വിവരണം<br>• നോട്ടീസ് തയ്യാറാക്കൽ<br>• സ്കൂൾ മാഗസിൻ<br>• ഡയറി എഴുത്ത് | ജൂൺ - മാർച്ച് | ചിത്രങ്ങൾ പഠനോപകരണങ്ങൾ | SRG അധ്യാപകർ |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് റീഡിംഗ് കാർഡ് നിർമ്മിക്കൽ | ജൂൺ - ജൂലൈ | പ്രിന്റർ പേപ്പർ | PTA MPTA |
| മുഴുവൻ കുട്ടികളും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | പ്രത്യേക ഇംഗ്ലീഷ് ഭാഷാ പരിപോഷണ ക്ലാസ് എല്ലാ ശനിയാഴ്ചകളിലും സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | പഠനോപകരണങ്ങൾ | ഇംഗ്ലീഷ് അധ്യാപിക |

## 2025-26 വർഷത്തെ അക്കാദമിക ലക്ഷ്യങ്ങൾ

### ഗണിതം

| പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | **ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ ICT Games, Puzzles etc** | **ജൂൺ മുതൽ മാർച്ച് വരെ** | ICT | SRG<br>MPTA |
| രസകരമായ ഗണിത ശാസ്ത്ര പഠനവും പേശി ചലനശേഷികളുടെ വികാസവും | **ഒറിഗാമി ശിൽപശാല ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കാനുള്ള പരിശീലനം നൽകൽ. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം** | വർഷത്തിലൊരിക്കൽ | പഠനോപകരണങ്ങൾ | PTA<br>SSG<br>SRG |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഖമാക്കൽ | **ഗണിത ലാബ് സജ്ജമാക്കൽ ഗണിത ക്ലാസ് നടത്തൽ** | ആവശ്യാനുസരണം | ലാബ്, ഉപകരണങ്ങൾ, ഷെൽഫ് | PTA<br>AAG<br>SRG |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2024-25

## -അറബിക്

ലക്ഷ്യങ്ങൾ :- 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം

3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു

4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്

5. മാഗസിൻ നിർമ്മാണം

6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന | 1.അക്ഷരകാർഡുകൾ നൽകുന്നു<br>2.അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3.ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4.അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5. ICT ഉപയോഗിക്കുന്നു | 1.തെറ്റായരീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു<br>2.രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു<br>4. വീടുകളിൽ അക്ഷരച്ചാർട്ട് | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ ജൂലൈ ആഗസ്റ്റ് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| പദനിർമാണം പദശേഖരണം | 1.അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>2.പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം<br>3. പദനിർമാണ മത്സരങ്ങൾ നടത്തുന്നു | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു<br><br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസിലാക്കുന്നു | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ<br>..............................<br>നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസ-രിച്ച് പറഞ്ഞു ശീലിക്കാൻ | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു<br><br>മാഗസിൻ നിർമ്മാണം<br><br><br><br><br><br><br><br>ദിനാചരണങ്ങൾ പരിചയപ്പെടൽ | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു ചിത്രങ്ങൾ വരക്കാം<br><br>ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുൾ നിർമ്മിച്ച ചെറിയ വിവരങ്ങൾ നൽകുന്നു | ചെറിയ കഥാകവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br><br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു<br><br>രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉപചാര വാക്കുകൾ കഥ കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ - മാർച്ച്<br><br><br><br><br><br><br><br><br><br><br><br><br>ജൂൺ - മാർച്ച് |

2025-26 വർഷത്തെ ഭൗതിക വികസന ലക്ഷ്യങ്ങൾ

- 140 വർഷത്തെ പഴക്കമുള്ള വിദ്യാലയത്തിലെ അടിസ്ഥാന സൗകര്യ വികസനം,
- ഗണിത ശാസ്ത്ര ലാബുകൾ ഒരുക്കാനുള്ള ഷെൽഫുകൾ , ലൈബ്രറി ഷെൽഫുകൾ
- ഭിന്നനിലവാരക്കാരായ കുട്ടികളെ മുൻ നിരയിലെത്തിക്കാനാവശ്യമായ പഠനോപകരണളും കളിയുപകരണങ്ങളും
- ഓരോ ക്ലാസിനും ലാപ്ടോപ്പുകൾ
- ഉച്ചഭക്ഷണത്തിന് പ്രത്യേക സ്ഥലവും ഫർണിച്ചറുകളും.
- വിദ്യാലയ അന്തരീക്ഷം ആകർഷകമാക്കുന്നതിനായി പൂന്തോട്ട നിർമ്മാണം, പച്ചക്കറിത്തോട്ട നിർമ്മാണം, പാർക്ക് സൗകര്യങ്ങൾ വിപുലപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ
- കായികോപകരണങ്ങൾ സജ്ജമാക്കുക, കായികാധ്യാപകന്റെ സേവനം ലഭ്യമാക്കുക എന്നിവ വഴി മെച്ചപ്പെട്ട കായിക വിദ്യാഭ്യാസത്തിനുള്ള സൗകര്യമൊരുക്കൽ
- സ്കൂളിലെ ഒരു ക്ലാസ്റൂമെങ്കിലും അടച്ചുറപ്പുള്ളതാക്കി സ്മാർട്ട് റൂമായി സജ്ജീകരിക്കുക. ഇത് യോഗഹാൾ, മീറ്റിങ് ഹാൾ എന്നിവയ്ക്കും ഉപയോഗപ്പെടുത്താം
- ക്ലാസ് റൂമുകളുടെ നിലം ടൈൽപാകി ആകർഷകമാക്കുക.
- സ്കൂൾ പാർക്ക് മതിലിനു മുകളിലായി ഇരുമ്പ് വേലി സ്ഥാപിക്കൽ
- ഡൈനിങ് ഹാൾ നവീകരണം ആവശ്യമായ ഫർണിച്ചർ സൗകര്യമൊരുക്കൽ
- പുതിയതായി ഒരു പ്രൊജക്റ്റർ സംവിധാനം.
- സ്കൂൾ മതിൽ ആകർഷകമാക്കൽ

## സാമൂഹികം

- വിദ്യാലയവികസന പ്രവർത്തനങ്ങളിൽ ജനപ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വാധ്യാപകർ, സൂമൂഹിക പ്രവർത്തകർ, നാട്ടുകാർ, രക്ഷിതാക്കൾ എന്നിവരുടെ സഹകരണം ഉറപ്പു വരുത്തൽ.
- വിദ്യാലയ പ്രവർത്തനങ്ഹൾ പൊതു ഇടങ്ങളിലേക്ക് വ്യാപിപ്പിക്കുക.
- വിദ്യാലയ ലൈബ്രറിയിൽ രക്ഷിതാക്കൾക്കും അംഗ്ത്വം.
- രക്ഷിതാക്കളുടെ സഹായത്തെടെ പഠന സാമഗ്രികൾ ഒരുക്കൽ
- സ്കൂൾ വാർഷിക കലാമേളകളിൽ രക്ഷിതാക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പാക്കുക.


# വിഷൻ 2025

നമ്മുടെ വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം ഉയർത്തുന്നതിനാവശ്യമായ നിരവധി ലക്ഷ്യങ്ങളാണ് മേൽ പ്രിതിപാദിച്ചവയൊക്കെ. ഈ ലക്ഷ്യങ്ങളെല്ലാം തന്നെ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കുന്നുണ്ടെങ്കിൽ ഒരു ദീർഘകാല വികസനം ഉണ്ടാക്കിയെടുക്കാം.

2025 വർഷത്തോടെ വിദ്യാലയം പ്രാവർത്തികമാക്കാനുദ്ദേശിക്കുന്ന വികസന കാഴ്ചപ്പാടുകൾ:-

- മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ അടിസ്ഥാന ശേഷികൽ നേടുന്നതോടൊപ്പം ഇവ നന്നായി കൈകാര്യം ചെയ്യുവാനുള്ള പ്രാപ്തി എല്ലാ കുട്ടികളിലും ഉണ്ടാക്കി.യെടുക്കുക.
- ICT സാധ്യതകൽ പഠനത്തിൽ പരമാവധി പ്രയോജനപ്പെടുത്താവുന്ന വിധത്തിൽ എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് റൂമുകളാക്കി മാറ്റുക.
- സി.ഡി.കലക്ഷൻ, ഇ-വായന സൗകര്യങ്ങൾ തുടങ്ങിയ സജ്ജീകരണങ്ങളോടെയുള്ള ആധുനിക ലൈബ്രറിയൊരുക്കുക.
- ക്ലാസ് റൂമിനു വെളിയിൽ പഠനം സാധ്യമാകുന്ന തരത്തിൽ ആകർഷകമായ രീതിയിൽ പഠനസൗകര്യമൊരുക്കുക.
- ക്ലാസ് റൂം പ്രവർത്തനങ്ങൾക്കുതകുന്ന രീതിയിൽ ഗണിതലാബ് , ശാസ്ത്രലാബ് സൗകര്യങ്ങളൊരുക്കുക.

വിദ്യാലയത്തിൽ ശിശുസൗഹൃദാന്തരീക്ഷമൊരുക്കിക്കൊണ്ട് ഉന്നതിയിലെത്തിക്കുന്നതിനായി ആസൂത്രണം ചെയ്ത് തയ്യാറാക്കിയ ഈ മാർഗരേഖ ഇനിയും മാറ്റങ്ങൾക്ക് വിധേയമാകേണ്ടതുണ്ട്. വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരും, പി.ടി.എ, വിദ്യാലയ വികസന സമിതി, പൂർവ്വ വിദ്യാർത്ഥികൾ, സന്നദ്ധസംഘടനകൾ ഇവരുടെയൊക്കെ സഹകരണം ഈ വിദ്യാലയത്തെ മികവിലേക്ക് നയിക്കും. പുതിയ മാറ്റത്തിനായി പ്രത്യാശയോടെ.......




AZHIKODE CENTRAL L P SCHOOL, AZHIKODE